ശ്രീ. ഗിരിഷ് എച്ച്.	ഡെപ്യൂട്ടി മാനേജർ (സാങ്കേതികം)
ശ്രീ. ഗോപിശങ്കർ ബി.	ഡെപ്യൂട്ടി മാനേജർ (സാങ്കേതികം)
ശ്രീ. ശ്രീജിത്ത് എസ്.	ഡെപ്യൂട്ടി മാനേജർ (സാങ്കേതികം)

(ബി) അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന 2 പേർ കെ.എഫ്.സി.യിൽ എം.ഡി. ആയി വന്നിട്ടുണ്ട്:

1. ശ്രീ. യോഗേഷ് ഗുപ്ത ഐ.എ.എസ്.

2. ശ്രീ. പി. ബീരാജ് ഉമ്മൻ.

കേരള സംരംഭകത്വ വികസന മിഷൻ

184 (3338) ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2015-ൽ കേരള വ്യവസായ വാണിജ്യ നയരേഖയിൽ (G.O(P) No.58/15/ID) 5.3 ഖണ്ഡികയിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ പ്രവർത്തിച്ചുവരുന്ന കേരള സംരംഭകത്വ വികസന മിഷനെ (KSEDM) ഒരു പ്രത്യേക വകുപ്പായി മാറ്റുമെന്ന പ്രഖ്യാപനത്തിന്മേൽ അനന്തരനടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കേരള സംരംഭകത്വ വികസന മിഷനെ പ്രത്യേക വകുപ്പായി മാറ്റുമ്പോൾ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കുമോ;

(സി) കേരള സംരംഭകത്വ വികസന മിഷന്റെ ആദ്യഘട്ടത്തിൽ നാളിതുവരെ എത്ര സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്; അതിൽ കെ.എഫ്.സിയിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ എത്ര സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട് ; ആയതിന്റെ തരംതിരിച്ച കണക്കുകൾ വ്യക്തമാക്കുമോ;

(ഡി) കേരള സംരംഭകത്വ വികസന മിഷനിലൂടെ നാളിതുവരെ എത്രപേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്; പ്രത്യക്ഷമായും പരോക്ഷമായും ലഭിച്ച തൊഴിലവസരങ്ങളുടെ കണക്കുകൾ വ്യക്തമാക്കുമോ;

(ഇ) കേരള സംരംഭകത്വ വികസന മിഷന്റെ ആദ്യഘട്ടത്തിൽ കരാറടിസ്ഥാനത്തിൽ പ്രോജക്ട് എക്സിക്യൂട്ടീവുമാരെ നിയമിച്ചിട്ടുണ്ടോ; കെ.എഫ്.സി.യുടെ എല്ലാ

* ടെബ്രുവരിയിൽ ചുമതലയേറ്റു

LIBRARY ARCHIVES Kerala Legislative Assembly

ബ്രാഞ്ചുകളിലും പ്രോസിക്യൂട്ടിംഗ് ഏജൻസിയുടെ സേവനം ലഭ്യമാണോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(എഫ്) കേരള സംരംഭകത്വ വികസന നിയമത്തിന്റെ അതിലംഘനത്തിന് കുറ്റാരോപിതനായിരിക്കുന്നതിന് പ്രോസിക്യൂട്ടിംഗ് ഏജൻസിയുടെ നിയമിച്ചിട്ടുണ്ടോ; കെ.എസ്.സി.യുടെ എല്ലാ ബ്രാഞ്ചുകളിലും പ്രോസിക്യൂട്ടിംഗ് ഏജൻസിയുടെ സേവനം ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിൽ അനന്തര നടപടി സ്വീകരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) 31-5-2015-ലെ കണക്കുകൾ പ്രകാരം സംരംഭകത്വ വികസന നിയമത്തിന്റെ അതിലംഘനത്തിന് 1044 സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ഇതിൽ കെ.എഫ്.സി.യിൽ നിന്നും 791 സംരംഭങ്ങൾക്കും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 253 സംരംഭങ്ങൾക്കുമാണ് വായ്പ അനുവദിച്ചിട്ടുള്ളത്.

(ഡി) 31-5-2015-ലെ കണക്കുകൾ പ്രകാരം സംരംഭകത്വ വികസന നിയമത്തിലൂടെ 5453 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇതിൽ നേരിട്ടുള്ള സംരംഭകരായ 2403 പേരെ കൂടാതെ 3050 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ഇ &എഫ്) കേരള സംരംഭകത്വ വികസന നിയമത്തിന്റെ അതിലംഘനത്തിന് കുറ്റാരോപിതനായിരിക്കുന്നതിന് പ്രോസിക്യൂട്ടിംഗ് ഏജൻസിയുടെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ കെ.എഫ്.സി.-യിൽ നിലനിൽക്കുന്ന ഒഴിവുകളുള്ള എല്ലാ ബ്രാഞ്ചുകളിലും പ്രോസിക്യൂട്ടിംഗ് ഏജൻസിയുടെ സേവനം ലഭ്യമാണ്. 2013 ഡിസംബർ മുതലാണ് പ്രോസിക്യൂട്ടിംഗ് ഏജൻസിയുടെ നിയമിച്ചു തുടങ്ങിയത്. ഹെഡ് ഓഫീസിൽ പുറമേ 16 ശാഖകളിലും ആയി ഇതുവരെ 18 പേരെയാണ് നിയമിച്ചത്. ബി.ടെക്/ബി.കോം, എം. യോഗ്യതയുള്ളതും രണ്ടു വർഷത്തെ ബാങ്കിംഗ്/വ്യവസായ മേഖലയിലെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. പത്തനംതിട്ട ശാഖ ഒഴികെ 17 പേരുടെ സേവനം നിലവിൽ ലഭ്യമാണ്.

ഗവൺമെന്റ് പ്ലീഡർ/ സ്റ്റേറ്റ് അറ്റോർണി/ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ/ അഡ്വക്കേറ്റ് ജനറൽ തുടങ്ങിയവരുടെ ശമ്പള വർദ്ധന

185 (3339) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. എം. സുധീരൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly